# 2

# നാം എന്തുകൊ് ദൈവത്തെ സേവിക്കണം?

## (ഇയ്യോബ് 4-12)

നമുക്കുാകുന്ന കുഴപ്പങ്ങൾ നമ്മുടെ പാപങ്ങൾക്കുള്ള ശിക്ഷയാണോ? ദൈവത്തോടുള്ള വിശ്വസ്തതയിൽ ഇയ്യോബ് പരാജയപ്പെട്ടതുകൊാണ് അവന് ഇങ്ങനെ സംഭവിച്ചതെന്ന് അവന്റെ സ്നേഹിതന്മാർ വിശ്വസിച്ചിരുന്നു. സ്നേഹവാനും വിശുദ്ധനുമായ ദൈവത്തോടുള്ള സമർപ്പണം ശരിയായിരുന്നാൽ ഇയ്യോബിനു നേരിട്ടതുപോലെയുള്ള അനുഭവങ്ങളുാകാൻ സാധ്യതയില്ലെന്നാണ് അവർ വിചാരിച്ചത്. അവൻ ദൈവത്തോട് പൂർണ്ണമായും സത്യസന്ധ്യത പുലർത്തിയിരുന്നെങ്കിൽ അവനു സംഭവിച്ചതായ അത്തരം കഷ്ടതകൾ വരുവാനിടയില്ല എന്നാണ് അവർ വിചാരിച്ചത്.

### ഇയ്യോബിന്റെ "സ്നേഹിതന്മാരുടെ" ആലോചന

**ഏലീഫാസിന്റെ താക്കീതും ഇയ്യോബിന്റെ മറുപടിയും (4-7)**

മറ്റുള്ളവർ കുഴപ്പത്തിലായിരുന്നപ്പോൾ അവർക്ക് നൽകിയ ഉപദേശം ഇയ്യോബ് സ്വീകരിക്കാതിരുന്നതിന് ഏലീഫാസ് അവനെ ശാസിക്കയുായി (4:3–6). പിന്നെ അവൻ ഇയ്യോബിനോട് ചോദിച്ചു, "ഓർത്തു നോക്കുക, നിർദ്ദോഷിയായി നശിച്ചവൻ ആർ? നേരുള്ളവർ എവിടെ മുടിഞ്ഞുപോയിട്ടുള്ളു?" (4:7). അവൻ പറഞ്ഞു, "ഞാൻ കടേത്തോളം അന്യായം ഉഴുതു കഷ്ടത വിതെക്കുന്നവർ അതുതന്നെ കൊയ്യുന്നു" (4:8).

അപ്പോഴും അതെല്ലാം സംഭവിച്ചതെന്തുകൊാണെന്ന് ഇയ്യോബിനു മനസിലായില്ല, കാരണം ഏലിഫാസ് പറഞ്ഞതുപോലെയുള്ള ജീവിതമായിരുന്നില്ല ഇയ്യോബിന്റേത്. 6 ഉം 7 ഉം അദ്ധ്യായങ്ങൾ വായിക്കുമ്പോൾ, അപ്പോഴും ഇയ്യോബ് മരിക്കുവാൻ ആഗ്രഹിച്ചിരുന്നതായി കാണാം. ഏലീഫാസിനും കാര്യം മനസിലായതായി അവനു തോന്നിയിരുന്നില്ല (6:15). തന്നെ മനസിലാക്കുവാനായി അവൻ തന്റെ സ്നേഹിതന്മാരോട് ആവശ്യപ്പെടുകയുായി. താൻ തെറ്റ് ചെയ്തിട്ടുങ്കിൽ, എവിടെയാണ് തെറ്റിയതെന്ന് കാണിക്കുവാൻ അവൻ തന്റെ സ്നേഹിതന്മാരെ വെല്ലുവിളിച്ചു (6:24). വാക്കുകൾക്കൊന്നും നേടുവാനായില്ല. ഇയ്യോബിന്റെ കഷ്ടതയിൽ അവനെ ആശ്വസിപ്പിപ്പാനോ, അവന്റെ വേദന ശമിപ്പിക്കുവാനോ അവന്റെ സ്നേഹിതന്മാർക്ക് കഴിഞ്ഞില്ല. ഏലിഫാസ് അവനെ സ്വപ്നം കൊും ദർശനം കൊും ഭയപ്പെടുത്തിയതിന് ഇയ്യോബ് തിരിച്ചടിക്കുകയായിരുന്നു (7:14). ആത്മാവ് സ്വപ്നത്തിൽ ഏലിഫാസിനോട് പറഞ്ഞതായിട്ടാണ് അവൻ ഇയ്യോബിനെ വിരട്ടിയത്, "മർത്യൻ ദൈവത്തിലും നീതിമാൻ ആകുമോ? നരൻ സ്യഷ്ടാവിലും നിർമ്മലൻ ആകുമോ?" (4:17). ഇയ്യോബിന് അതിൽ മതിപ്പുായില്ല. ദൈവത്തോടുള്ള സമർപ്പണം എപ്രകാ

രമായിരിക്കണമെന്ന് അവന് അറിയാമായിരുന്നോ ആ വിധത്തിൽ അവൻ സമർപ്പിക്കപ്പെട്ടിരുന്നു. തന്റെ തെറ്റായിരുന്നു പ്രശ്നമെങ്കിൽ - ദൈവം അത് ക്ഷമിക്കാതിരിപ്പാൻ കാരണം എന്തെന്നായിരുന്നു ഇയ്യോബിന്റെ ആലോചന (7:21).

**ബിൽദാദിന്റെ ഉപദേശവും ഇയ്യോബിന്റെ മറുപടിയും (8-10)**

ബിൽദാദും സഹായിക്കുകയായിരുന്നില്ല. അവനും, കൂടെ, വിചാരിച്ചത് ഇയ്യോബിന് നേരിട്ട പ്രശ്നം പാപത്തിനുള്ള ശിക്ഷ ആണെന്നാണ്. ഇയ്യോബ് വാസ്തവത്തിൽ നീതിമാനായിരുന്നുവെങ്കിൽ, അവൻ ദൈവത്തെ വിളിച്ചപേക്ഷിച്ചപ്പോൾ കേൾക്കുമായിരുന്നു എന്നാണ് അവൻ പറഞ്ഞത്. ഇയ്യോബ് എന്തോ മാരകമായ കുഴപ്പം ചെയ്തിട്ടാണ് അവൻ ദൈവത്തെ വിളിച്ചിട്ടും കേൾക്കാതിരുന്നത് എന്ന വിലയിരുത്തലായിരുന്നു ഈ സ്നേഹിതനുായിരുന്നത്. ഇയ്യോബ് ഒരുപക്ഷെ ദൈവത്തെ മറന്നുപോയിരിക്കാം എന്നാണ് ബിൽദാദ് പറഞ്ഞത് (8:13). അവൻ പറഞ്ഞു, "ദൈവം നിഷ്ക്കളങ്കനെ നിരസിക്കയില്ല, ദുഷ്പ്രവൃത്തിക്കാരെ താങ്ങുകയുമില്ല" (8:20). ബിൽദാദ് പറഞ്ഞതനുസരിച്ച്, ഇയ്യോബ് പൂർണ്ണതയിൽനിന്നും കുറവുള്ളവനായി, അല്ലെങ്കിൽ ഇങ്ങനെ സംഭവിക്കുമായിരുന്നില്ല. അതുകൊ്, അവൻ ഇയ്യോബിനോട് ദൈവത്തിൽ ആശ്രയിക്കുവാൻ പറഞ്ഞു. ദൈവത്തിൽ ആശ്രയിക്കുവാൻ മറക്കുന്നവർ ചിലന്തിവല പോലെ ദുർബ്ബലമായ ചിലതിൽ ആശ്രയിക്കുകയാണ് (8:14, 15).

കേണപേക്ഷിക്കുവാൻ ദൈവത്തിന്റെ ശക്തി അപാരമായിട്ടാണ് ഇയ്യോബ് കത്. ദൈവം തന്റെ മാഹാത്മ്യത്തിൽ, അവൻ മനുഷ്യരുടെ കാര്യത്തിൽ ഇടപെടുന്നതെന്തിന്? എന്നായിരുന്നു അവൻ ചിന്തിച്ചത്. താൻ പൂർണ്ണനാണെങ്കിലും, ദൈവത്തിന്റെ ശ്രദ്ധക്ക് അവൻ യോഗ്യനല്ല എന്നാണ് ഇയ്യോബ് കണക്കുകൂട്ടിയത്. അവന്റെ ദൃഷ്ടിയിൽ ഒരു മനുഷ്യനും വാസ്തവത്തിൽ നല്ലവനായി കാണപ്പെടുകയില്ല എന്നാണ് ഇയ്യോബ് കരുതിയത്. തിരുവെഴുത്തിൽവെച്ച് ഏറ്റവും ഉന്നതമായ വിവരണമാണ് ദൈവത്തെ കുറിച്ച് ബിൽദാദ് പറഞ്ഞത് (8:2-22).

എന്നിട്ടും ഇയ്യോബ് പരിഭ്രാന്തിയിലായിരുന്നു (10:15). അവൻ പൂർണ്ണനായിരുന്നില്ല - അവന് അതറിയാമായിരുന്നു - പക്ഷെ അവന്റെ സ്നേഹിതന്മാർ ആരോപിച്ച കുറ്റം ഒന്നും അവനിലുായിരുന്നില്ല.

**സോഫറിന്റെ ആരോപണവും ഇയ്യോബിന്റെ മറുപടിയും (11; 12)**

ആദ്യത്തെ രു സ്നേഹിതന്മാരേക്കാൾ ക്രൂരമായ ആരോപണങ്ങളായിരുന്നു സോഫറിന്റേത്. "വിടുവായൻ നീതിമാനായിരിക്കുമോ?" അവൻ ചോദിച്ചു, "നീ ദൈവത്തെ പരിഹസിക്കുമ്പോൾ, നിനക്ക് വെല്ലുവിളി നേരിടുകയില്ലേ?" ദൈവം ഇയ്യോബിനോട് സംസാരിച്ച് അവന്റെ പാപം അവനെ ബോധ്യപ്പെടുത്തുവാനാണ് അവൻ ആഗ്രഹിച്ചത്. അവന് അർഹമായതിനേക്കാൾ കുറഞ്ഞ നിലയിലാണ് അവനെ ദൈവം ബാധിച്ചത് എന്നും അവൻ പറഞ്ഞു (11:6)! വെറുതെ അന്വേഷിച്ചാൽ മാത്രം കത്തുവാൻ കഴിയാത്ത വലിയവനാണ് - ദൈവം അവൻ സർവ്വശക്തനാണ് എന്നത്രെ അവൻ പറഞ്ഞത്. മഹാനായ ദൈവത്തിന്, താൻ ചെയ്യുന്നതെന്തെന്ന് അറിയണം. ഒരു മനുഷ്യനെ അവൻ ബാധിച്ചാൽ അതിനു നല്ല ഒരു കാരണം ഉാകും. ഇയ്യോബ് ദൈവത്തിലേക്ക് മടങ്ങിച്ചെന്നാൽ, അവന്റെ എല്ലാ കുഴപ്പങ്ങൾക്കും പരിഹാ

രമുാകും എന്നാണ് അവൻ പറഞ്ഞത്.

സോഫറിനോടുള്ള ഇയ്യോബിന്റെ മറുപടിയിൽ പരിഹാസസൂചനയു്: “നിങ്ങളാകുന്നു വിദ്വജ്ജനം, നിങ്ങൾ മരിച്ചാൽ ജ്ഞാനം മരിക്കും” (12:2). ഇയ്യോബിനും, കുറെ കാര്യങ്ങൾ അറിയാമായിരുന്നു. അവന്റെ ജ്ഞാനം അവരുടേതിനേക്കാൾ ഒട്ടും കുറഞ്ഞതായിരുന്നില്ല. അവർ പറയുന്നതിൽ ചില സത്യം ഉന്നെ് അവനറിയാമായിരുന്നു, പക്ഷെ അവനെ ശാസിച്ചതിൽ അവന് വിശ്വാസമില്ലായിരുന്നു. പുഛരിക്കുകയും ചിരിക്കുകയും ചെയ്യുന്ന നീതിമാന നും നിഷ്ക്കളങ്കനുമാണ് താനെന്ന് ഇയ്യോബ് കണക്കാക്കി.

തനിക്ക് അറിയാവുന്നതിനേക്കാളധികമൊന്നും ആ സ്നേഹിതന്മാർ ഇയ്യോബിനോട് പറഞ്ഞില്ല. മൃഗങ്ങളും പക്ഷികളും മൽസ്യങ്ങളും തന്റെ സ്നേഹിതന്മാരോട് ദൈവത്തെ കുറിച്ച് സംസാരിക്കുന്നുന്നൊണ് ഇയ്യോബ് പറഞ്ഞത്: “... യഹോവയുടെ കൈ ഇതു പ്രവർത്തിച്ചിരിക്കുന്നു എന്ന് ഇവ യെല്ലാം കൊം ഗ്രഹിക്കാത്തവൻ ആർ? സകല ജീവജന്തുക്കളുടേയും പ്ര ാണനും സകല മനുഷ്യവർഗത്തിന്റേയും ശ്വാസവും അവന്റെ കയ്യിൽ ഇരി ക്കുന്നു” (12:7-10). എല്ലാം ദൈവത്തിന്റെ കയ്യിൽ ഇരിക്കുന്നു എന്ന് ഇയ്യോ ബിനറിയാമായിരുന്നു, പക്ഷെ തനിക്ക് നേരിട്ട കഷ്ടം എന്തുകൊാണെന്ന് അവൻ അറിഞ്ഞില്ല.

## കഷ്ടത ശിക്ഷയെന്ന ചോദ്യം

ഇയ്യോബിന്റെ മൂന്നു സ്നേഹിതന്മാരും ശരിയായിരുന്നോ? അവൻ തെറ്റു ചെയ്തിട്ടാണോ കഷ്ടത അനുഭവിച്ചത്? അത്തരം കഠിനമായ കഷ്ടത നമുക്ക് നേരിട്ടാൽ അതു നമ്മുടെ പാപത്തിന്റെ ശിക്ഷയാണോ? അങ്ങനെയാണെങ്കിൽ, ദുഷ്ടന്മാർ നീതിമാന്മാരേക്കാൾ കൂടുതൽ കഷ്ടമനുഭവിക്കാത്തതെന്തുകൊ്?

ഒരർത്ഥത്തിൽ എല്ലാ കഷ്ടതയും പാപത്തിന്റെ അനന്തരഫലമാണ്. മനു ഷ്യന്റെ പ്രശ്നം പാപമാണ്. ആദാമിനും ഹവ്വക്കും അവരുടെ പാപത്തിന്റെ അനന്തരഫലം ഗണ്യമായി തന്നെ അനുഭവപ്പെട്ടു (ഉൽപത്തി 3). അതിനർത്ഥം ഇപ്പോൾ നാം അനുഭവിക്കുന്ന പ്രയാസമോ കഷ്ടതയോ നാം ചെയ്ത പാപ ത്തിന്റെ ഫലമാണെന്ന് വരുന്നില്ല.

ചിലപ്പോൾ നാം നമുക്ക് തന്നെ പ്രയാസം വരുത്തും. ദൈവനിയമം ലംഘിക്കുമ്പോൾ, അനന്തരഫലം കഷ്ടതയായിരിക്കും. അതു ഭൗതികമായ പ്രതലത്തിലും, ആത്മിയപ്രതലത്തിലും ശരിയാണ്. ദൈവത്തിന്റെ പ്രകൃതി നിയമമായ ആകർഷണശക്തി നാം തിരിച്ചറിയുന്നു്. ആകർഷണശക്തിയെ ലംഘിക്കുന്നവർക്ക് അതിന്റെ ഫലമായി കഷ്ടത അനുഭവപ്പെടും. വെള്ള ത്തിന്റേയും തീയുടേയും സ്വഭാവത്തെ കുറിച്ചുള്ള ദൈവനിയമത്തെ നാം മാനിക്കുന്നു - അല്ലെങ്കിൽ അതിന്റെ അനന്തരഫലം നാം അനുഭവിക്കും. ദൈവകല്പനയിൽനിന്ന് ഓടി ഒളിച്ച യോനക്ക് അവൻ തന്നെ പ്രയാസം വരുത്തുകയായിരുന്നു (യോനാ 1; 2). തങ്ങളുടെ പാളയത്തിലെ പാപം നിമി ത്തമായിരുന്നു യിസ്രായേലിന്ന് ഹായി പട്ടണത്തിൽ പരാജയം നേരിടുവാന ുള്ള കാരണം (യോശുവ 7:11, 12).

മറ്റു സമയങ്ങളിൽ, മറ്റുള്ളവർ നമ്മിൽ കഷ്ടത വരുത്തും. തന്റെ സഹോ ദരൻ കയീൻ നിമിത്തമായിരുന്നു ഹാബേലിന് കുഴപ്പം നേരിട്ടത് (ഉൽപത്തി 4). അവൻ ശരിയായത് ചെയ്തതുകൊായിരുന്നു അവൻ കഷ്ടപ്പെട്ടത്. “അത്തരം അന്യായത്തെ ദൈവം തടുക്കാത്തത് എന്തുകൊ്? ദൈവം അത് അനുവദിക്കു

ന്നതെന്താണ്?" എന്ന് ചോദിക്കുവാൻ ചിലപ്പോൾ നാം പരീക്ഷിക്കപ്പെട്ടേക്കാം. "എന്തിനാണ് അവൻ ഇങ്ങനെ ചെയ്യുന്നത്? അവൻ അങ്ങനെ ചെയ്താൽ നാം അവനെ സേവിക്കുവാൻ താല്പര്യപ്പെടുമോ? നാം പിന്നെ അവനെ സ്നേഹിക്കുമോ?" എന്നും ചോദിച്ചേക്കാം.

ദൈവത്തിന്റെ കാര്യപരിപാടിയനുസരിച്ച്, നമുക്ക് കുഴപ്പങ്ങൾ നേരിടുന്നത് മറ്റുള്ളവർക്ക് പ്രയോജനപ്പെടേതിനാണ്. യോസേഫ് അനുഭവിച്ച കഷ്ടം നിമിത്തം യിസ്രായേൽ ദേശത്തെ മുഴുവൻ സഹായിക്കുന്നതിന്നു കാരണമായി തീർന്നു (ഉൽപത്തി 37-50). നമ്മെ സഹായിക്കുന്നതിനായിരുന്നു യേശു കഷ്ടം അനുഭവിച്ചത്. ഫലത്തിൽ, എല്ലാ ദൈവദാസന്മാരും മറ്റുള്ളവർക്കായി കഷ്ടം അനുഭവിച്ചിട്ടു്. സുവിശേഷത്തിനുവേി പൗലൊസ് വളരെ നിന്ദിക്കപ്പെട്ടിട്ടു് (2 കൊരിന്ത്യർ 4:7-18). പത്രൊസ് പറഞ്ഞു, "ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കേിവന്നാലോ ലജ്ജിക്കരുത്, ഈ നാമം ധരിച്ചിട്ടു ദൈവത്തെ മഹത്വപ്പെടുത്തകയത്രേ വേത്" (1 പത്രൊസ് 4:16).

"കർത്താവ് താൻ സ്നേഹിക്കുന്നവരെ ശിക്ഷിക്കുന്നു" എന്നാണ് പുതിയനിയമം നമ്മെ പഠിപ്പിക്കുന്നത് (എബ്രായർ 12:6). അത് "അവന്റെ വിശുദ്ധി പ്രാപിക്കേിന്ന്, നമ്മുടെ ഗുണത്തിനു വേിയാണ്" (എബ്രായർ 12:10). ആദ്യം അതു സഹിക്കുവാൻ നമുക്ക് പ്രയാസമായിരിക്കും, എന്നാൽ അവസാനം അത് നമുക്ക് നീതിയുടെ ഫലം ഉത്ഭവിപ്പിക്കും. "മർത്യൻ ദൈവത്തിലും നീതിമാൻ ആകുമോ? നരൻ സൃഷ്ടാവിലും നിർമ്മലൻ ആകുമോ? എന്ന് ഏലിഫാസ് ചോദിച്ചത് വളരെ ശരിയാണ്" (5:17).

## കുഴപ്പത്തിന്റെ സർവ്വലൗകികത

നാം ആരും കുഴപ്പത്തിൽനിന്നു മുക്തരല്ല. ഇയ്യോബ് തന്നെ പറഞ്ഞു, "സ്ത്രീ പ്രസവിച്ച മനുഷ്യൻ അല്പായുസുള്ളവനും കഷ്ടസമ്പൂർണ്ണനും ആകുന്നു" (14:1). നമുക്ക് വരേുന്ന കുഴപ്പങ്ങൾക്ക് നമ്മെ അതീതരാക്കുകയല്ല ദൈവം ചെയ്യുന്നത്, പിന്നെയോ അത് തരണം ചെയ്യുന്നതിനു നമ്മെ സഹായിക്കുകയാണ് ചെയ്യുന്നത്. ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടെ ആത്മാവിനെ ആണ് നമ്മിൽ തന്നിരിക്കുന്നത് (2 തിമൊഥെയൊസ് 1:7). നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്ക് അവൻ ജയം നൽകും (1 കൊരിന്ത്യർ 15:57). നമ്മെ ശക്തിപ്പെടുത്തുന്നവൻ മുഖാന്തരം നാം സകലത്തിനും മതിയായവരാകുന്നു (ഫിലിപ്പിയർ 4:13).

നാം ദൈവത്തെ സേവിക്കുന്നതു നിമിത്തം നാം കുഴപ്പങ്ങൾക്കതീതരാകുന്നില്ല. ഇവിടെയായിരുന്നു ഇയ്യോബിന്റെ സ്നേഹിതന്മാർക്ക് തെറ്റു പറ്റിയത്. ദൈവത്തോട് വിശ്വസ്തരായിരുന്നാൽ ഇയ്യോബിനു അനുഭവപ്പെട്ടതായ കഷ്ടതകൾ വരുകയില്ല എന്നാണ് അവർ വിചാരിച്ചത്. ഇയ്യോബ് ദൈവത്തെ അന്വേഷിച്ച് ദൈവത്തിനായി അവനെ പൂർണ്ണമായും സമർപ്പിച്ചുകഴിഞ്ഞാൽ അവന്റെ എല്ലാ കുഴപ്പവും മാറും എന്നാണ് ഏലിഫാസ് വിചാരിച്ചത് (5:8, 17-27). ദൈവം അവനെ വിടുവിക്കയും, മരണത്തിൽനിന്നു വീടുക്കയും, നശീകരണ ഭയം ഒഴിവാക്കുകയും, സമാധാനം നൽകുകയും ചെയ്യുമെന്ന് അവൻ ഉറപ്പിച്ചു പറഞ്ഞു. ധാന്യം വിളവെടുപ്പുവരെ നിലനിൽക്കുന്നതുപോലെ, അവൻ കല്ലറയിലേക്ക് എടുക്കപ്പെടുന്നത് കാലത്തികവിൽ തന്നെ ആയിരിക്കുമെന്നും അവൻ പറഞ്ഞു.

നീതിമാന്മാർക്ക് അത്തരത്തിലുള്ള അനുഗ്രഹം ലഭിക്കുമെന്നാണ് സോഫർ

പറഞ്ഞത് (11:15-19). തനിക്ക് സംഭവിച്ചതിനെയെല്ലാം, ഇയ്യോബിന്റെ സ്നേഹി തന്മാർ ദുർവ്യാഖ്യാനം ചെയ്യുകയായിരുന്നു എന്ന് ഇയ്യോബിന് അറിയാമായി രുന്നു. നീതിമാന്മാരും കഷ്ടപ്പെടും എന്ന് ഇയ്യോബിന് അറിയാമായിരുന്നു.

ഫലത്തിൽ, നാം നീതിമാന്മാരായതുകൊ് പലപ്പോഴും കഷ്ടപ്പെടാ റു്. അവൻ തെറ്റു ചെയ്തതുകൊല്ല, ശരി ചെയ്തതുകൊാണ് ഇയ്യോബിന് കുഴപ്പങ്ങൾ നേരിട്ടത്. ചില കുഴപ്പങ്ങളിൽ സാത്താന് കയ്യു്. ഇയ്യോബിനെ ദൈവത്തിൽനിന്നകറ്റുവാൻ അവൻ പ്രത്യേകമായി ബാധിക്കുവാൻ ഇയ്യോബ ിനെ തിരഞ്ഞെടുക്കുകയായിരുന്നു. നന്മ ചെയ്തിട്ടു കഷ്ടത ഏല്ക്കുന്ന വരെ പത്രൊസ് പ്രശംസിക്കുകയുായി: “നിങ്ങൾ കുറ്റം ചെയ്തിട്ടു അടി കൊള്ളുന്നതു സഹിച്ചാൽ എന്തു യശസുള്ളു? അല്ല നന്മ ചെയ്തിട്ടു കഷ്ടം സഹിച്ചാൽ അതു ദൈവത്തിന് പ്രസാദം” (1 പത്രൊസ് 2:20). ദൈവത്തോ ടുള്ള വിശ്വസ്തത നിമിത്തം മോശെക്കു ദുഃഖമുായിട്ടു്. അവൻ “മിസ്രയിമിലെ നിക്ഷേപങ്ങളേക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയത് എന്നു കരുതി തിരഞ്ഞെ ടുത്തു” (എബ്രായർ 11:25). അസംഖ്യം പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും ശരിയായതു തിരഞ്ഞെടുത്തതുകൊ് കഷ്ടത ഏറ്റിട്ടു്.

### ദൈവത്തെ സേവിക്കേ കാരണം

“ദൈവത്തെ എന്തിന് സേവിക്കണം?” എന്ന ചോദ്യത്തിന് ഉത്തരം ക ത്തുകയാണ് ഇയ്യോബിന്റെ പുസ്തകം. തന്നെ ദൈവം അനുഗ്രഹിച്ചതുകൊ് ദൈവത്തെ സേവിക്കണം എന്ന് ഇയ്യോബ് വിചാരിച്ചു. ദൈവം ഇയ്യോബിനെ അനുഗ്രഹിച്ചിരിക്കുന്നതുകൊാണ് ഇയ്യോബ് ദൈവത്തെ സേവിക്കുന്നതെന്ന് സാത്താൻ വിചാരിച്ചു. ഇയ്യോബിന് ദൈവഭക്തിയുള്ളതുകൊാണ് അവൻ തന്നെ സേവിക്കുന്നതെന്ന് തെളിയിക്കുവാൻ ദൈവം വിചാരിച്ചു.

ഇയ്യോബിന്റെ പുസ്തകം “എന്തുകൊ് നീതിമാന്മാരാകണം?” എന്നതി നേക്കാൾ അധികം പഠനം “എന്തുകൊ് നീതിമാന്മാർ കഷ്ടപ്പെടണം?” എന്ന ചോദ്യത്തിന് അധികമൊന്നും ഉത്തരങ്ങൾ നൽകുന്നില്ല. നമ്മെ ദൈവം അനുഗ്രഹിച്ചതുകൊുമാത്രമാണോ, അതോ നാം ദൈവത്തെ സ്നേഹിക്കയും അവനോട് ഭക്തിയുള്ളവരായിരിക്കയും ചെയ്യുന്നതുകൊാണോ നാം അവനെ സേവിക്കുന്നത്? കുഴപ്പങ്ങൾ ഒഴിവാക്കുവാനാണ് നാം ദൈവത്തെ സേവിക്കു ന്നതെങ്കിൽ, നാം വ്യാമോഹത്തിലകപ്പെടും. പരീക്ഷണത്തെ ഒഴിവാക്കുവാൻ ദൈവത്തെ സേവിക്കുന്നത് പരിശീലനം ഒഴിവാക്കുവാൻ മാരത്തോണിൽ പ്ര വേശിക്കുന്നതുപോലെയാണ്. പന്തയത്തിൽ വേദയുന്ന് പറയുവാൻ പറ്റാത്ത, കഠിനവായ പരിശീലനം ആവശ്യപ്പെടുന്നതാണ് മാരത്തോൺ.

തെറ്റായ ചോദ്യമാണ് നാം ചോദിക്കുന്നത്. ജീവിതത്തിന്റെ ചോദ്യം “ആളു കൾ എന്തുകൊ് കഷ്ടപ്പെടുന്നു?” എന്നതല്ല. എല്ലാവരും കഷ്ടപ്പെടുന്നു്. പ രീക്ഷണങ്ങൾ ഒഴിച്ചുകൂടാനാകാത്തതാണ്. നമ്മുടെ മനോഭാവമനുസരിച്ചാണ് അവ നമ്മിൽ പ്രവർത്തിക്കുന്നത്. സൂര്യൻ എല്ലാവർക്കുമായി പ്രകാശിക്കു ന്നു. അത് രുപേരുടെ ത്വക്കിന്റെ സ്വഭാവമനുസരിച്ച് ഒരാളെ നിറംമാറ്റുകയും മറ്റൊരാളെ പൊള്ളിക്കുകയും ചെയ്യുന്നു. അതുപോലെ, നമ്മുടെ ജീവിതന ിലവാരമനുസരിച്ചാണ്, അവ എത്രമാത്രമായാലും നമ്മെ സ്വാധീനിക്കുന്നത്.

നമ്മുടെ പരീക്ഷണങ്ങൾ ദൈവം എടുത്തുകളയുകയില്ല, പക്ഷെ അവയെ നേരിടുവാൻ നമ്മെ സഹായിക്കും. വാസ്തവത്തിൽ, നാം ദൈവത്തെ സേവി ക്കുമ്പോൾ, പരീക്ഷണത്തെ നാം മറ്റൊരു രീതിയിലാണ് കാണുന്നത്. നാം

കുഴപ്പത്തെ നോക്കി കാണുന്ന നമ്മുടെ രീതി ദൈവത്തിന് മാറ്റുവാൻ കഴിയും. നമ്മുടെ സാഹചര്യങ്ങൾ നമ്മെ നിയന്ത്രിക്കുന്നതിനു പകരം, നമ്മുടെ സാഹചര്യങ്ങളെ നിയന്ത്രിക്കുന്നതിന് നമ്മെ സഹായിക്കുവാൻ ദൈവത്തിന് കഴിയും.

ദൈവം നമുക്ക് വേി എന്തുചെയ്യുന്നു എന്നതിന്റെ അടിസ്ഥാനത്തിലല്ല നാം ദൈവത്തെ സേവിക്കേത്, മറിച്ച് ദൈവത്തെ സ്നേഹിച്ച് സേവിക്കുവാൻ നാം ശീലിക്കണം. ദൈവത്തെ സേവിക്കുന്നതിനു പ്രതിഫലങ്ങളും അനുഗ്രഹങ്ങളുമു്; പക്ഷെ എന്തു ലഭിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ നാം ദൈവത്തെ സേവിക്കുന്നു എങ്കിൽ, അനുഗ്രഹത്തെ കാണുമ്പോൾ നാം തിരിച്ചറിയുകയില്ല. ഉദാഹരണത്തിന്, യേശു പറഞ്ഞു, "വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് ഭാഗ്യം" (പ്രവൃത്തികൾ 20:35). ലഭിക്കുന്നതിന് വേി മാത്രമാണ് നാം ദൈവത്തെ സേവിക്കുന്നതെങ്കിൽ, നൽകുന്നതിന്റെ അനുഗ്രഹം നമുക്ക് കാണുവാൻ കഴിയുകയില്ല. നമുക്ക് ദൈവത്തോടുള്ള ഭക്തി നിമിത്തമാണ് നാം ദൈവത്തെ സേവിക്കുന്നതെങ്കിൽ, പ്രയാസത്തിലും ദൈവത്തിന്റെ അനുഗ്രഹങ്ങൾ നമുക്ക് കാണുവാൻ കഴിയും.

**ഉപസംഹാരം**

നന്മ ലഭിക്കുവാനല്ല, സൽപ്രവൃത്തിക്കായി ദൈവത്തെ സേവിക്കുവാൻ നാം ശീലിക്കണം. നമ്മോടു നന്മ *ചെയ്യട്ടെ* എന്നല്ല, നാം നല്ലവരായിതീരുവാനാണ് ആഗ്രഹിക്കേത്. ഒരാളുടെ കണ്ണുനീരെല്ലാം നീങ്ങുന്നതുവരെ അയാളുടെ നിരാശയും കണ്ണുനീരുമെല്ലാം തുടച്ചുമാറ്റുവാനും, പരീക്ഷണങ്ങളേയും തടസങ്ങളെയും അതിജീവിച്ച് വിജയവും പ്രത്യാശയും കത്തെുന്നതിനേക്കാൾ വലിയ ഭാഗ്യമെന്താണുള്ളത്.